മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: തീച്ചയാക്കാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ആലോചിക്കാം. ആലോചിച്ചു നോക്കിയിടത്തോളം ഉദ്യോഗസ്ഥന്മാരായിരിക്കും അതിൽ മെമ്പറാകുകയില്ലെന്നു തോന്നുന്നുണ്ട്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അങ്ങിനെ തീച്ചയാക്കിയാൽ പിന്നെ എന്താലോചിക്കാനാണുള്ളതു?

റാവുസാഹിബ് കെ. അയ്യപ്പൻ: ഒരു കാര്യത്തിലും പരമാവധി തീച്ചയാകുകയെന്നുള്ളതില്ല. ഒന്നു തീച്ചയാക്കിയതിനുശേഷം പിന്നിട് ആലോചിക്കുമ്പോൾ അതു തെറ്റാണെന്നു തോന്നിയാൽ ഉടനെ മാറ്റാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇനിയും ആലോചിക്കുമ്പോഴുണ്ടാകുന്ന തീരുമാനം മുമ്പിലത്തേതുതന്നെ ആയിരിക്കുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതു ആലോചിച്ചതിനുശേഷമെ പറയാൻ സാധിക്കയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആലോചിച്ചാൽ ഈ കാര്യത്തിൽ വല്ല ഗുണവും ചെയ്യുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ആലോചിച്ചിട്ട് ന്യായമായതെ ചെയ്യുകയുള്ളു.

മിസ്റ്റർ പി. ടി. ജേക്കബ്: സ്റ്റാഫ് സെലക്ഷൻ ബോർഡിലെ മെമ്പർമാർ മാറിയ സ്ഥിതിക്ക് അതിലെ സിക്രട്ടറിയേയും മാറ്റാൻ തരമില്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: അദ്ദേഹത്തെ മാറ്റേണ്ട ആവശ്യമുണ്ടെന്നു തോന്നിയിട്ടില്ല. മാറ്റേണ്ട ആവശ്യമുണ്ടെന്നു തോന്നിയാൽ ഉടനെ മാറ്റാം.

മിസ്റ്റർ പി. ടി. ജേക്കബ്: മറ്റുള്ളവരെ സംബന്ധിച്ച് ആവശ്യമുണ്ടായിട്ടാണോ മാറിയതു?

റാവുസാഹിബ് കെ. അയ്യപ്പൻ: ആവശ്യമുണ്ടായിട്ടാണ്. ഉദ്യോഗങ്ങൾ മാറിയതോടുകൂടി ചിലരെ മാറ്റേണ്ടതായിവന്നു. C. M. O. വളരെക്കാലമായി മാറാതിരിക്കുന്ന ഒരു മെമ്പറാണല്ലോ.

മിസ്റ്റർ പി. കെ. പോൾ: വളരെക്കാലമായി ഇരിക്കുന്ന ഒരാളെ മാറ്റുന്നതു നല്ലതല്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഒരാളെതന്നെ ഇരുത്താൻ പാടില്ല എന്നില്ലല്ലൊ.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഗവർമ്മേണ്ടിന്റെ ഉത്തരവാദപ്പെട്ട പല തുറകളിലും നാലും അഞ്ചും കൊല്ലം തുടർച്ചയായി ഉദ്യോഗസ്ഥന്മാർ ഇരിക്കുന്നതായി ഗവർമ്മേണ്ടിന്നറിയാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: പത്തും, പതിനഞ്ചും കൊല്ലമായി അങ്ങിനെ ഇരിക്കുന്നവരുമുണ്ട്.

## AGRICULTURAL OPERATIONS—SUPERVISION OF

**373. Mr. M. K. Raja** *(Mulakunnathukavu)*: Will Government be pleased to state.—

(*a*) who supervises the Agricultural operations on the fields under the jurisdiction of the Superintendent of Central Jail, Viyyur;

(*b*) to whom is this person responsible;

(*c*) does he submit periodical reports about his work;

(*d*) is it a fact that private cultivation is carried on by certain Jail Officials within the jail farms?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*:

(*a*) One Head Warder supervises the operations as provided in Rule 651 of the Jail Rules under the supervision of the Jailor and Assistant Jailor as provided in Rules 649 and 650.

(*b*) The Superintendent, Central Jail.

(*c*) Yes.

(*d*) No.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാജാ : ഈ ജയിലിൽ കാർഷിക പ്രവർത്തനങ്ങൾക്കുവേണ്ടിട്ട് കൃഷി ഡിപ്പാർട്ടുമെണ്ടിൽനിന്നും ആരെയെങ്കിലും കുറച്ചു കാലത്തേക്കു നിയമിക്കുകയുണ്ടായിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: നോട്ടീസ്സു വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : ഒരു രാവുണ്ണിമേനോനെ വെച്ചതായിട്ട് അറിയാമോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: I want notice.

മിസ്റ്റർ പി. നാരായണമേനോൻ: കൃഷി സൂപ്രണ്ടിന്റെ അസിസ്റ്റാണ്ടായി സെൻട്രൽ ജയിലിൽ കൃഷി നടത്തുന്ന ഹെഡ്ഡ് വാർഡന്നു കാർഷികവിദ്യാഭ്യാസത്തിൽ എന്തെങ്കിലും യോഗ്യതയുണ്ടോ?

**Rao Sahib A. Madhava Prabhu** (*Chief Secretary to Government*): I do not know what his qualification is. I don't know whether he has any agricultural qualification.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : ഇതിന്നു പരിശീലനം വേണ്ടതാണെന്നുള്ളതു ഗവമ്മെണ്ടിന്നു അറിഞ്ഞുകൂടെ? ഇങ്ങിനെ ഒരാളെ വെച്ചതു് എന്നു മുതല്ക്കാണെന്നു പറയുവാൻ സാധിക്കുമോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: Without notice I am not in a position to answer.

**Mr. P. Kumaran Ezhuthassan** *(Vadakkancheri)*: May I know, Sir, whether prior to this Warder Supervisor, there was a qualified man appointed by Government under whose direction and supervison these operations used to be conducted?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: The question was put and answer given. For anything further, I want notice.

**Mr. P. Kumaran Ezhuthassan** (*Vadakancheri*): We want the answer, Sir, let the answer be given to the House.

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: Yes, it was given to the House. Yes it was given.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : അവിടെ കൃഷി വിപുലീകരിക്കണമെന്നുള്ള വല്ല പദ്ധതിയുമുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വിദഗ്ദ്ധാനില്ലാതെയാണോ അവിടെ കൃഷി നടത്തുന്നതു്?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: Probably the advice of the Agricultural Director was taken, though he was not directly under him.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : അങ്ങിനെ ഒരു കൃഷി വിദഗ്ദ്ധാനുണ്ടായിരുന്നുവെന്നു ഗവമ്മെണ്ടിന്നു് അറിയാം. അപ്പോൾ ആ ആളെ അവിടെനിന്നു മാറിയതു് എന്തു കാരണത്തിന്മേലാണെന്നു പറയാമോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: There must be proper reasons. At present, I am not in a position to state what it is. If the post was abolished there must have been proper reasons.

മിസ്റ്റർ എം. കെ. രാജാ : ജയിൽ പരിസരങ്ങളിൽ ജയിൽ ഉദ്യോഗസ്ഥന്മാർ സ്വകാര്യമായി കൃഷി നടത്തിയിരുന്നതായി വല്ല പരാതിയും ഗവമ്മെണ്ടിന്നു കിട്ടുകയുണ്ടായിട്ടുണ്ടോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*: I think there were some objections in some papers.

മിസ്റ്റർ എം. കെ. രാജാ : അത്തരത്തിൽ സ്വകാര്യ കൃഷി അവിടെ നടക്കുന്നില്ലായെന്നു പറയുന്നതു് എന്തിനെ ആസ്പദിച്ചാണു്?

റാവുസാഹിബ്ബ് എ. മാധവപ്രഭു : ആക്ഷേപങ്ങൾ ചില പത്രങ്ങളിൽ കണ്ടിട്ടുണ്ടു്.

Is it a fact that private cultivation is carried on in the Jail Farm was the question, but the fact is that there is no such cultivation.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാജാ: ആക്ഷേപങ്ങളെപ്പറ്റി ഗവണ്മെണ്ടിൽനിന്നും 'വെരിഫൈ' ചെയ്തിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: വെരിഫൈ ചെയ്തിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കൃഷി സൂപ്രവൈസ്സ് ചെയ്യുന്ന ആൾക്ക് എത്ര കൊല്ലത്തെ പരിശീലനമുണ്ടെന്നു പറയാമോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* I don't know. It is not possible to furnish the answer without notice.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൃഷി ഡിപ്പാർട്ടുമെണ്ടിൽനിന്നു വെച്ചിരുന്ന ആളെ എന്തെങ്കിലും ആക്ഷേപംകൊണ്ടാണോ മാറ്റിയതു?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* There was an anonymous petition stating some of these things. I think the enquiry is still going on.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* May I know, Sir, whether the Government is in a position to inform this House what approximately is the area under cultivation in this vast compound of the Central Jail.

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* Without notice, I am not in a position to give a reply.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഈ ജയിലിൽ ഉണ്ടാക്കുന്ന സാധനങ്ങൾ പുറമെ കൊടുക്കുന്നുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: വളരെക്കുറച്ചുമാത്രമേ അവിടത്തെ ആവശ്യംകഴിച്ചുബാക്കിയുണ്ടാവുകയുള്ളു. അതുവില്ക്കും.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* Are the Government aware, Sir, that large agricultural operations have to be supervised by an agricultural expert? Are the Government aware that it is not so done now?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* Is it that you are asking for an opinion?

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* I thought, Sir, that the Chief Secretary will answer like that. Are not the Government of the day aware that large agricultural operations have to be supervised and conducted under the direction of an agricultural trained hand, if not an expert.

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* Advice from the best men, if it is obtained can be a proper substitute.

**Mr. P. Kumaran Ezhuthassan** *(Vadakkancheri):* Is the House to take it, Sir, that the agricultural experts of the Cochin Government have tendered advice to the Government that the agricultural operations in the Central Jail-extensive area-(I have seen it)-may be conducted by a Warder?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* I am not in a position to answer that.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കൃഷിസൂപ്രവൈസ് ചെയ്യുന്നതിനു ഫെഡ് വാർഡനെ വെച്ചിട്ടുള്ളതുപോലെ ആശുപത്രികളിലെ കൃഷി സൂപ്രവൈസ് ചെയ്യുന്നതിനു അവിടത്തെ വാർഡനെ വെക്കുവാൻ സാധിക്കുമോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Govenment):* I submit the question does not arise.

മിസ്റ്റർ എം. കെ. രാജാ: ജയിലിലെ കൃഷിയെസംബന്ധിച്ചു ഗവണ്മെണ്ടിന്റെ കയ്യിലുള്ള വിവരങ്ങൾ തികച്ചും പൂർണ്ണമല്ലെന്നു ചോദ്യോത്തരങ്ങളിൽനിന്നു തെളിഞ്ഞിട്ടുള്ളതുകൊണ്ടു് അതിനെപ്പറ്റി സന്നിഷ്കർഷമായ ഒരു പുനഃപരിശോധന നടത്താൻ ഗവണ്മെണ്ടിനു് ഒരുക്കമുണ്ടാവുമോ?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government):* An enquiry is being conducted and any assistance which any member can give, will be welcome.

## REPORT OF THE PAY REVISION COMMITTE

**374.** മിസ്റ്റർ പി. വി. സബാസ്റ്റ്യൻ:—

താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ശമ്പളപരിഷ്കരണ കമ്മിറ്റി അവരുടെ റിപ്പോർട്ടു് സമർപ്പിച്ചുവെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly